# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4208 | 24.10.2016 ൽ മറുപടിയ്ക്ക്

## പൊതുസ്ഥലത്തുള്ള മദ്യപാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ബാറുകൾ പൂട്ടിയതിനെ തുടർന്ന് പൊതു സ്ഥലത്തും ജനവാസം കുറഞ്ഞ പ്രദേശങ്ങളിലും വച്ചുള്ള മദ്യപാനത്തിൽ എത്രത്തോളം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 2014 ഏപ്രിൽ മുതൽ 2015 മാർച്ചുവരെ 50934 കേസുകൾ<br>2015 ഏപ്രിൽ മുതൽ 2016 മാർച്ചുവരെ 60183 കേസുകൾ<br>2016 ഏപ്രിൽ മുതൽ 2016 ഒക്ടോബർ 15 വരെ 34261 കേസുകൾ |
| (ബി) പൊതുസ്ഥലത്തും നിർത്തിയിട്ട വാഹനങ്ങളിലും വച്ചുള്ള മദ്യപാനത്തിനെതിരെ പോലീസ് കർശന നടപടി സ്വീകരിക്കാറില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചാലും ഇത്തരം പ്രദേശങ്ങൾ നിരീക്ഷിക്കുന്നതിനോ ഇത്തരം സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനോ പോലീസ് തയ്യാറാകാത്ത നടപടി ഗൗരവമായി കാണുന്നുണ്ടോ; | (സി) ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചാൽ ഉടൻ തന്നെ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമേ ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ പോലീസ് നിരീക്ഷണവും പട്രോളിംഗും ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി കർശന നടപടിയെടുക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കർശന നിർദ്ദേശം നൽകുമോ? | (ഡി) ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ പോലീസ് നിരീക്ഷണവും പട്രോളിംഗും ശക്തിപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rashmi T.

സെക്ഷൻ ഓഫീസർ